LIBRARY ARCHIVES Kerala Legislative Assembly

സ്വയംപര്യാപ്തഗ്രാമം പദ്ധതി

285 (993) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര പട്ടികജാതി സങ്കേതങ്ങൾ / കോളനികളാണ് ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ജില്ലയിലെ ആകെ പട്ടികജാതി കുടുംബങ്ങൾ, ജനസംഖ്യ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ച് കണക്കുകൾ വിശദമാക്കാമോ ;

(സി) ഇതിൽ കൈവശ ഭൂമിക്ക് പട്ടയം ലഭിച്ച എത്ര കുടുംബങ്ങളാണ് ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ പറയാമോ ;

(ഡി) പട്ടികജാതി ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ ആകെ 540 പട്ടികജാതി സങ്കേതങ്ങളാണ് ഉള്ളത്. പഞ്ചായത്തുകളിൽ 501 എണ്ണവും മുനിസിപ്പാലിറ്റികളിൽ 39 എണ്ണവുമുണ്ട്. ജില്ലയിൽ 10087 കുടുംബങ്ങളിലായി 46109 ജനങ്ങളാണ് ഉള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരളത്തിലെ പിന്നോക്ക സമുദായാംഗങ്ങളുടെ വികസനത്തിനുള്ള സേവനങ്ങൾ

286 (994) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പിന്നോക്ക സമുദായ വികസന വകുപ്പ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പ് കേരളത്തിലെ പിന്നോക്ക സമുദായാംഗങ്ങളുടെ വികസനത്തിന് എന്തൊക്കെ സേവനമാണ് നടത്തുന്നതെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നോൺ ക്രീമിലെയർ മാനദണ്ഡം പ്രകാരം പിന്നോക്ക സമുദായ സംവരണം നടപ്പിലാക്കിയ ആനുകൂല്യം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭ്യമാവുന്നുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ ;

(ഡി) മേല്പറഞ്ഞ നോൺ ക്രീമിലെയർ പിന്നോക്ക സമുദായ സംവരണാനുകൂല്യം കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് ബാധകമാക്കാത്തത് മൂലം പിന്നോക്ക സമുദായ സംവരണത്തിൽ വിദ്യാർത്ഥികൾക്ക് തുല്യ അവസരം എന്ന തത്വ ലംഘനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിന് നോൺ ക്രീമിലെയർ വ്യവസ്ഥ പ്രകാരം ലഭ്യമാവുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക സമുദായ സംവരണം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായം നടപ്പിലാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ അതിന് അടിയന്തര നിർദ്ദേശം നല്കുമോ ;

(എഫ്) ഇക്കാര്യത്തിൽ പിന്നോക്ക വിഭാഗക്കമ്മീഷൻ ശിപാർശ എന്തെങ്കിലും നല്കിയിട്ടുണ്ടോ ; പ്രസ്തുത വിഷയത്തിലെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21-11-2011-ൽ പിന്നോക്ക സമുദായ വികസന ഡയറക്ടറേറ്റും 23-2-2012-ൽ സെക്രട്ടേറിയറ്റിൽ പിന്നോക്ക സമുദായ വികസന വകുപ്പും നിലവിൽ വന്നു.

(ബി) 1. പ്രീ-മെട്രിക് വിദ്യാഭ്യാസ സഹായം

2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സഹായം

3. ഓവർസീസ് സ്കോളർഷിപ്പ്

4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

(a) സിവിൽ സർവ്വീസ് പരിശീലനം

(b) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം

(c) മറ്റ് മത്സര പരീക്ഷകൾക്കുള്ള പരിശീലനം

(d) ബാങ്കിംഗ് സർവ്വീസ് പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly

5. അഡ്വക്കേറ്റ് ഗ്രാന്റ്സ്

6. ജാതി, ക്രീമിലെയർ സംബന്ധിച്ച പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ

7. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം തുടങ്ങിയവ

(സി) ഇല്ല. കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് പ്രവേശനത്തിനുള്ള സംവരണാനുകൂല്യം നോൺ ക്രീമിലെയർ മാനദണ്ഡ പ്രകാരമാണെങ്കിലും സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള സംവരണാനുകൂല്യം നൽകുന്നത് എസ്.ഇ.ബി.സി. ലിസ്റ്റിന്റെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ എസ്.ഇ.ബി.സി. സംവരണം സംബന്ധിച്ച ക്രീമിലെയർ വിഷയത്തിൽ പഠനം നടത്തിവരികയാണ്. കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ശുദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ഈ വിഷയത്തിൽ പഠനം നടത്തിവരികയാണ്. കമ്മീഷന്റെ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി വികസനത്തിന് വകയിരുത്തിയ തുക

287 (995) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം പദ്ധതി തുകയിൽ പട്ടികജാതി വികസനത്തിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ അനുവദിച്ച തുകയുടെയും പദ്ധതികൾക്കു വേണ്ടി വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly